بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 27.01.2023

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ബദ്രീ സ്വഹാബാക്കളുടെ ഗുണവിശേഷങ്ങൾ

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് ഞാൻ പരാമർശിക്കുന്ന സ്വഹാബികളിൽ ആദ്യത്തേത്, ഹദ്റത്ത് അബൂലുബാബ ബിൻ അബ്ദുൽ മുൻദിറിനെ കുറിച്ചാണ്. ഇദ്ദേഹത്തെ കുറിച്ച് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഹദ്റത്ത് അല്ലാമാ ഇബ്നു അബ്ദുൽ ബിർറ്, തന്റെ അൽ ഇസ്തിആബ് എന്ന കൃതിയിൽ എഴുതുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് ഖുർആനിലെ وَاٰخَرُوْنَ اعْتَرَفُوْا بِذُنُوْبِهِمْ خَلَطُوْا عَمَلًا صَالِحًا وَّاٰخَرَ سَيِّئًا അതായത് തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ മറ്റു ചിലയാളുകളും ഉണ്ട്. അവർ സൽപ്രവൃത്തികളും ദുശ്പ്രവൃത്തികളും കൂട്ടികലർത്തിയിരിക്കുകയാണ്. എന്ന ആയത്തിനെ സംബന്ധിച്ച് പറയുന്നു: തബൂക്ക് യുദ്ധത്തിൽ പിന്നിലായ അബൂലുബാബയും അദ്ദേഹത്തോടൊപ്പമുള്ള ഏഴോ എട്ടോ പേരെയും കുറിച്ചാണ് ഈ വാക്യങ്ങളിൽ പറയുന്നത്. പിന്നീട് അവർ ദൈവത്തോട് പശ്ചാത്തപിക്കുകയും തൂണുകളിൽ സ്വയം അവരെ ബന്ധിക്കുകയും ചെയ്തു. തൗബയായിരുന്നു അവരുടെ നല്ല പ്രവൃത്തി; ജിഹാദിൽ നിന്ന് പിന്നോട്ട് മാറിയത് ആയിരുന്നു അവരുടെ മോശം പ്രവൃത്തി.

മജ്മ ബിൻ ജാരിയയിൽ നിന്ന് നിവേദനം: ഹദ്റത്ത് അനീസ് ബിൻ ഖതാദയുടെ ശഹാദത്തിന് ശേഷം അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഖുൻസാ ബിൻത് ഖുദാമിന്റെ പിതാവ് അവരെ മുസീനാ ഗോത്രത്തിൽ നിന്ന് അവർ ഇഷ്ടപ്പെടാത്ത ഒരാളുമായി വിവാഹം കഴിപ്പിച്ചു. അതിനാൽ നബി(സ) അവരുടെ വിവാഹം ദുർബലപ്പെടുത്തി. അതിനു ശേഷം ഹദ്റത്ത് അബൂലുബാബ അവരെ വിവാഹം കഴിച്ചു. അവരിൽ നിന്നാണ് ഹദ്റത്ത് സായ്ബ് ബിൻ അബൂലുബാബ ജനിച്ചത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ യസീദ് പറയുന്നു: ഞങ്ങൾ ഹദ്റത്ത് അബൂലുബാബയുടെ വീട്ടിൽ പോയപ്പോൾ അവിടെ പഴയ കീറിയ വസ്ത്രം ധരിച്ച ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: നല്ല ഈണത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാത്ത വ്യക്തി നമ്മിൽ പെട്ടവനല്ല എന്ന് നബി(സ)യിൽ നിന്ന് ഞാൻ കേട്ടിട്ടുണ്ട്.

അടുത്ത പരാമർശം ഹദ്റത്ത് അബുസ്സിയ്യാഹ് ബിൻ സാബിത് ബിൻ നുഅ്മാന്റെതാണ്. ഒരു നിവേദനമനുസരിച്ച്, ഇദ്ദേഹത്തിന് ബദർ യുദ്ധത്തിൽ തന്റെ കണങ്കാൽ കൽമുനയിൽ തട്ടി മുറിവേറ്റതിന് ശേഷം മടങ്ങേണ്ടി വന്നു. തിരുനബി(സ) അദ്ദേഹത്തിന് യുദ്ധവിഹിതം മാറ്റിവെച്ചിരുന്നു.

പിന്നെയുള്ളത് ഹദ്റത്ത് അൻസ മൗലാ റസൂലുല്ലാഹ്ന്റെ പരാമർശമാണ്. ഇമാം സുഹ്രി പറയുന്നു: സുഹ്റിന് ശേഷം കൂടിക്കാഴ്ച്ചക്ക് വരുന്നവർക്ക് റസൂലുല്ലാഹ്(സ) അനുവാദം നൽകിയിരുന്നു. അവർക്കുവേണ്ടി ഹദ്റത്ത് അൻസ ആയിരുന്നു ഈ അനുവാദം വാങ്ങിയിരുന്നത്.

ഇനിയുള്ളത് ഹദ്റത്ത് മുർഥദ് ബിൻ അബീ മുർഥദിന്റെ (مرثد بن ابی مرثد) പരാമർശമാണ്. ഇമ്രാൻ ബിൻ മിനാഹ് പറയുന്നു: അബൂ മുർഥദും മകൻ മുർഥദ് ബിൻ അബി മുർഥദും മദീനയിലേക്ക് പലായനം ചെയ്തപ്പോൾ ഇരുവരും ഹദ്റത്ത് കുൽഥും ബിൻ ഹിദമിന്റെ കൂടെയാണ് താമസിച്ചിരുന്നത്. മുഹമ്മദ് ബിൻ ഉമർ പറയുന്നു: ഉഹ്ദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു.

അടുത്ത പരാമർശം ഹദ്റത്ത് അബു മുർഥദ് കനാസ് ബിൻ അൽ ഹുസൈൻ അൽ ഗനവിയെ കുറിച്ചാണ്. ഹിജ്റ 2 റബീഅൽ അവ്വലിൽ തിരുനബി(സ) തന്റെ പിതൃസഹോദരൻ ഹദ്റത്ത് ഹംസ ബിൻ അബ്ദുൽ മുത്തലിബിന്റെ നേതൃത്വത്തിൽ മുപ്പത് ഒട്ടക സഞ്ചാരികളായ മുഹാജിറുകളുടെ ഒരു സംഘത്തെ മദീനയിൽനിന്ന് കിഴക്ക് ഭാഗത്തുള്ള സൈഫുൽബഹ്റിലേക്ക് അയച്ചു. അവിടെ മക്കയിലെ പ്രധാനി അബൂജഹലിനേയും അയാളുടെ മൂന്നൂറ് പടയാളികളേയും നേരിട്ടു. രണ്ട് സൈന്യങ്ങളും യുദ്ധത്തിനായി അണിനിരന്നു.

ഈ പ്രദേശത്തിന്റെ പൗരമുഖ്യനായ മജ്ദി ബിൻ അംർ അൽ ജഹൂനി ഇരുവിഭാഗങ്ങൾക്കിടയിൽ ഇടപെട്ട് യുദ്ധം നിർത്തലാക്കി. സരിയ ഹംസ ബിൻ അബ്ദുൽ മുത്തലിബ് എന്നാണ് ഈ ദൗത്യം അറിയപ്പെടുന്നത്. ഹദ്റത്ത് അബൂ മുർഥദും ഈ സരിയയിൽ ഉൾപ്പെട്ടിരുന്നു. നബി(സ) ഹദ്റത്ത് ഹംസക്ക് ആദ്യ പതാക കെട്ടിയെന്നും അബു മുർഥദ് ആയിരുന്നു ഹദ്റത്ത് ഹംസയുടെ പതാക വഹിച്ചതെന്നും ഹദീസുകളിൽ പ്രസിദ്ധമാണ്. ഹദ്റത്ത് ഹംസയുടെ സമപ്രായക്കാരനും സുഹൃത്തുമായിരുന്നു ഹദ്റത്ത് അബു മുർഥദ് കിനാസ്. ഹദ്റത്ത് അബൂമുർഥദിനും മകൻ മുർഥദിനും ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ ഭാഗ്യം ലഭിച്ചു.

ഇനി അൻസാറിന്റെ ഗോത്രമായ ഖസ്റജ്ന്റെ ശാഖ ബനൂഅദ്ദി ബിൻ നജ്ജാറിൽപെട്ടയാളായിരുന്ന ഹദ്റത്ത് സലീത് ബിൻ ഖൈസ് ബിൻ അംറിനെയാണ് പരാമർശിക്കുന്നത്. മക്കാവിജയവേളയിലും ഹുനൈൻ യുദ്ധവേളയിലും അൻസാറിലെ ബനൂ മാസിൻ ഗോത്രത്തിന്റെ പതാക ഇദ്ദേഹത്തിന്റെ പക്കലായിരുന്നു. ഹിജ്റ 13 ലോ 14 ന്റെ തുടക്കത്തിലോ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് മുസ്‌ലിംകളും പേർഷ്യക്കാരും തമ്മിൽ ജസ്ർ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ രണ്ടായിരം ഇറാനികൾ ചില നിവേദനമനുസരിച്ച് ആറായിരം ഇറാനികൾ കൊല്ലപ്പെട്ടു. വ്യത്യസ്ത നിവേദനമനുസരിച്ച് ആയിരത്തി എണ്ണൂറോ നാലായിരമോ മുസ്‌ലിംകൾ രക്തസാക്ഷികളായി. ഈ ശഹീദുകളിൽ ഹദ്റത്ത് സലീത് ബിൻ ഖൈസും ഉൾപ്പെടുന്നു.

അടുത്തത് ഹദ്റത്ത് മുജസ്സർ ബിൻ സിയ്യാദിന്റെ പരാമർശമാണ്. ജാഹിലിയ്യാ കാലത്ത് ഹദ്റത്ത് മുജസ്സർ ബിൻ സിയ്യാദ്, സുവൈദ് ബിൻ സ്വാമിത്തിനെ വധിച്ചിരുന്നു. പിന്നീട് മുജസ്സറും സ്വാമിത്തിന്റെ മകൻ ഹാരിഥ് ബിൻ സുവൈദും ഇസ്‌ലാം സ്വീകരിച്ചെങ്കിലും ഹാരിഥ് ബിൻ സുവൈദ് തന്റെ പിതാവിന്റെ കൊലപാതകത്തിന് പ്രതികാരം ചെയ്യാൻ തക്കം പാർത്തിരുന്നു. ഖുറൈശികൾ ഉഹ്ദിൽ വീണ്ടും തിരിഞ്ഞ് മുസ്‌ലിംകളെ ആക്രമിച്ചപ്പോൾ ഹാരിഥ് ബിൻ സുവൈദ് മുജസ്സറിനെ പിന്നിൽനിന്ന് കഴുത്തിൽ വെട്ടി ശഹീദാക്കി. ഹദ്റത്ത് ഹാരിഥ് ബിൻ സുവൈദ് ഹദ്റത്ത് മുജസ്സറിനെ വഞ്ചിച്ചാണ് കൊലപ്പെടുത്തിയതെന്ന് ജിബ്രീൽ നബി(സ)യെ അറിയിച്ചതനുസരിച്ച് മുജസ്സറിന് പകരമായി ഹാരിഥിനെ വധിക്കാൻ നബി(സ) ഉത്തരവിട്ടു. നബി(സ) യുടെ നിർദേശമനുസരിച്ച് ഉവൈം ബിൻ സാഇദ ഖുബാ മസ്ജിദ് കവാടത്തിൽ വെച്ച് ഹാരിഥിനെ വധിക്കുകയുണ്ടായി.

അടുത്ത പരാമർശം ഹദ്റത്ത് റിഫാഅ് ബിൻ റാഫി ബിൻ മാലിക് ബിൻ അജ്‌ലാന്റേതാണ്. ഇദ്ദേഹം തന്റെ മാതൃസഹോദരീ പുത്രൻ മുആദ് ബിൻ അഫ്റയോടൊപ്പം മക്കയിലെത്തി. സനിയ കുന്നിൽ നിന്ന് ഇറങ്ങിയപ്പോൾ ഒരാളെ കണ്ടു; അത് തിരുനബി(സ) ആയിരുന്നു. ഞങ്ങൾ നബിയെ തിരിച്ചറിഞ്ഞിരുന്നില്ല. പ്രവാചകത്വം അവകാശപ്പെടുന്ന വ്യക്തി എവിടെയാണെന്ന് നബിയോട് ചോദിച്ചു. അത് ഞാനാണെന്ന് തിരുനബി(സ) പറഞ്ഞു. ഞങ്ങളുടെ അഭ്യർത്ഥന മാനിച്ച് നബി(സ) ഞങ്ങളോട് ഇസ്‌ലാമിനെ കുറിച്ച് പറഞ്ഞുതന്നു. ഹദ്റത്ത് റിഫാഅ ത്വവാഫിനായി ബൈത്തുല്ലായിലേക്ക് പോയി; ദുആ ചെയ്തു. ശേഷം കലിമ ചൊല്ലി ഇസ്‌ലാം സ്വീകരിച്ചു.

ഹദ്റത്ത് റിഫാഅ പറയുന്നു: ഒരു ദിവസം ഞങ്ങൾ അല്ലാഹുവിന്റെ ദൂതനോടൊപ്പം പള്ളിയിൽ ഇരിക്കുമ്പോൾ ഒരു ബദവി നമസ്കരിക്കുകയും തിരുനബി(സ)യോട് സലാം പറയുകയും ചെയ്തു. നബി(സ) സലാം മടക്കിയിട്ട് വീണ്ടും നമസ്കരിക്കാൻ പറഞ്ഞു. അയാൾ നമസ്കരിച്ചു വന്ന് വീണ്ടും സലാം പറഞ്ഞു. നബി(സ) വീണ്ടും നമസ്കരിക്കാൻ ആവശ്യപ്പെട്ടു. അവസാനം അയാൾ പറഞ്ഞു: എങ്ങനെ നമസ്കരിക്കണമെന്ന് എന്നെ പഠിപ്പിച്ചാലും. നബി(സ) പറഞ്ഞു: നമസ്കരിക്കാൻ ഉദ്ദേശിച്ചാൽ ആദ്യം അല്ലാഹുവിന്റെ കൽപനപ്രകാരം വുളൂഅ് ചെയ്യുക. പിന്നെ, വല്ല ഖുർആനിൽ നിന്ന് ഓർമ്മയുള്ളത് ഓതുക. എന്നിട്ട് സമാധാനത്തോടെ റുകൂഅ് ചെയ്യുക. അതിനു ശേഷം നേരെ നിവർന്നു നിൽക്കുക. എന്നിട്ട് സാവധാനം സുജൂദ് ചെയ്യുകയും പിന്നെ ഇരിക്കുകയും വീണ്ടും സുജൂദ് ചെയ്യുകയും പിന്നെ എഴുന്നേൽക്കുകയും (ബാക്കി പൂർത്തിയാക്കുകയും) ചെയ്യുക. നിങ്ങൾ ഇങ്ങനെ ചെയ്താൽ, നിങ്ങളുടെ നമസ്കാരം പൂർത്തിയായി. അതിൽ എന്തെങ്കിലും കുറവു വരുത്തിയാൽ, നിങ്ങളുടെ നമസ്കാരത്തിലും കുറവ് വരുന്നതാണ്.

ഇനി ഹദ്റത്ത് ഉസൈദ് ബിൻ മാലിക് ബിൻ റബീഅയുടെ പരാമർശമാണ്. ഇബ്നു ഇസ്ഹാഖ് പറയുന്നു: ഉസൈദ് ബിൻ മാലിക് ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ അവസാന നാളുകളിൽ കാഴ്ച നഷ്ടപ്പെട്ടപ്പോൾ പറഞ്ഞു: ഞാൻ ഇന്ന് ബദർ മൈതാനത്തിലും കാഴ്ചയുള്ള അവസ്ഥയിലും ആയിരുന്നെങ്കിൽ മലക്കുകൾ ഇറങ്ങിവന്ന ആ താഴ്‌വാരം ഞാൻ നിങ്ങൾക്ക് കാണിക്കുമായിരുന്നു. എനിക്കതിൽ ഒരു സംശയമില്ല. ഉസൈദ് ബിൻ മാലിക് പറയുന്നു:

ഞങ്ങൾ അല്ലാഹുവിന്റെ ദൂതന്റെ അടുത്ത് ഇരിക്കുകയായിരുന്നപ്പോൾ ബനൂ സലമയിൽ നിന്നുള്ള ഒരാൾ വന്ന് പറഞ്ഞു: നമ്മുടെ മാതാപിതാക്കളുടെ മരണശേഷവും അവരോട് നന്നായി പെരുമാറേണ്ടതുണ്ടോ? നബി(സ) പറഞ്ഞു: അതെ, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, പാപമോചനം തേടുകയും അവരുടെ വാഗ്ദാനങ്ങൾ നിറവേറ്റുകയും അവരുടെ ബന്ധുക്കളോട് കരുണ കാണിക്കുകയും അവരുടെ സുഹൃത്തുക്കളെ ബഹുമാനിക്കുകയും ചെയ്യുക. ഈ രീതിയിൽ, അവർക്ക് പ്രതിഫലവും ലഭിക്കും, പാപമോചനത്തിനത് നിമിത്തവുമാകും.

ഉസ്മാൻ ബിൻ അർഖം തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: നിങ്ങളുടെ കൈവശമുള്ള സമരാർജിതസ്വത്ത് ഉപേക്ഷിക്കുകയെന്ന് റസൂലുല്ലാഹ്(സ) ബദർ ദിവസം പറഞ്ഞപ്പോൾ അബൂ ഉസൈദ് സാഅദി ആഇദുൽ മർസബാന്റെ (عائذ المرزبان) വാൾ തിരിച്ചുവെക്കുകയുണ്ടായി. ഹദ്റത്ത് അർഖമിന് അത് ആവശ്യപ്പെട്ടപ്പോൾ നബി(സ) നൽകി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദിന്റെ പരാമർശമാണ് അടുത്തത്. ബനൂ അസദിനെ അടിച്ചമർത്താൻ 150 മുഹാജിറുകളുടെയും അൻസാറുകളുടെയും കൂടെ നബി(സ) അദ്ദേഹത്തെ പതാക നൽകിക്കൊണ്ട് അയച്ചു. അദ്ദേഹം ഉഹ്ദ്, ബദർ യുദ്ധങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഉഹ്ദ് യുദ്ധത്തിൽ ഏറ്റ കൈയ്യിലെ മുറിവ് മൂലം ഹിജ്റ 4 ജമാദുൽ ആഖർ 3 ന് അദ്ദേഹം വഫാത്തായി.

ഇനി പരാമർശിക്കുന്നത് ഹദ്റത്ത് ഖലാദ് ബിൻ റാഫി അസ്സുർഖിയെ (خلاد بن رافع الزرقی) ആണ്. ഹദ്റത്ത് ഖലാദ് ബിൻ റാഫി, അൻസാറിലെ ബനൂ ഖസ്റജ് ഗോത്രത്തിലെ അജ്‌ലാൻ ശാഖയിൽപെട്ടയാളാണ്. നബി(സ) രണ്ടോ മൂന്നോ പ്രാവശ്യം വീണ്ടും വീണ്ടും നമസ്കാരം ആവർത്തിക്കാൻ പറഞ്ഞതും തുടർന്ന് തന്റെ അഭ്യർത്ഥന പ്രകാരം നമസ്കാരം പഠിപ്പിച്ചു കൊടുക്കുകയും ചെയ്ത വ്യക്തി ഹദ്റത്ത് ഖലാദ് ബിൻ റാഫി ആയിരുന്നു.

ഇനിയുള്ളത് ഹദ്റത്ത് അബാദ് ബിൻ ബിശറിന്റെ പരാമർശമാണ്. ഖന്ദഖ് യുദ്ധത്തിന്റെ അവസരത്തിൽ, അദ്ദേഹത്തിന് പൂർണ സേവനത്തിന് അവസരം ലഭിച്ചിരുന്നു. ഈ അവസരത്തിൽ, തിരുനബി(സ)യുടെ കൽപ്പനപ്രകാരം ഹദ്റത്ത് അബാദ് ബിൻ ബിശ്ർ അബൂസുഫിയാനെയും അയാളോടൊപ്പം ചില ബഹുദൈവാരാധകരെയും നേരിടുകയും അവരെ തിരികെ പോകാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഈ അവസരത്തിൽ അബാദ് ബിൻ ബിശ്റിനും നബി(സ)യുടെ കൂടാരം സംരക്ഷിക്കാൻ ഭാഗ്യം ലഭിച്ചു. ഉമ്മു സൽമ പറയാറുണ്ടായിരുന്നു: അബാദ് ബിൻ ബിശ്റിനോട് അല്ലാഹു കരുണ കാണിക്കട്ടെ, തിരുനബി(സ)യുടെ അനുചരന്മാരിൽ നബി(സ)യുടെ കൂടാരത്തിനൊപ്പം താമസിക്കുകയും എപ്പോഴും അതിനെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ ഏറ്റവും മുൻപന്തിയിൽ ആയിരുന്നു അദ്ദേഹം.

ഇനി ഹദ്റത്ത് ഹാതിബ് ബിൻ അബി ബൽത്തഅയെ പറ്റിയുള്ള പരാമർശമാണ്. ഹിജ്റ 30 ൽ മദീനയിൽ വെച്ച് 65ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഹദ്റത്ത് ഉസ്മാൻ അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി. യഅ്ഖൂബ് ബിൻ ഉത്ബയിൽ നിന്ന് നിവേദനം: ഹാതിബ് ബിൻ അബീ ബൽത്തഅ(റ) തന്റെ മരണ ദിവസം നാലായിരം ദിനാറും ദിർഹമും അവശേഷിപ്പിച്ചിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ അടിമകളിൽ ഒരാൾ തന്റെ പരാതിയുമായി തിരുനബി(സ)യുടെ അടുക്കൽ വന്ന് ഹാതിബ് തീർച്ചയായും നരകത്തിൽ പ്രവേശിക്കുമെന്ന് പറഞ്ഞു. തിരുനബി(സ) പറഞ്ഞു: നിങ്ങൾ കള്ളം പറഞ്ഞിരിക്കുന്നു; അദ്ദേഹം ബദർ യുദ്ധത്തിലും ഹുദൈബിയ സന്ധിയിലും പങ്കെടുത്തതിനാൽ ഒരിക്കലും അതിൽ പ്രവേശിക്കുകയില്ല.

ബദ്‌രി സ്വഹാബികളെ കുറിച്ച് ചില പരാമർശങ്ങൾ കൂടിയുണ്ട്; അത് ഞാൻ പിന്നീട് വിശദീകരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 27.01.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**